## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 3393 08/11/2019-ൽ മറുപടിയ്ക്ക്

## ലൈഫ് പദ്ധതിയുടെ മൂന്നാം ഘട്ടം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.സി.ജോസഫ് | | ശ്രീ.എ.സി.മൊയ്തീൻ (തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| എ) | ലൈഫ് പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ സ്ഥലവും വീടും ഇല്ലാത്തവർക്കായി ഫ്ലാറ്റ് നിർമ്മിച്ച് നൽകുന്നതിന് അർഹതപ്പെട്ടവർ എത്രയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | എ), | ഗുണഭോക്താക്കളുടെ അർഹതാ പരിശോധന നടന്നു വരുന്നു. നാളിതുവരെ 87,479 ഗുണഭോക്താക്കളെ അർഹരായി കണ്ടെത്തിയിട്ടുണ്ട്. |
| ബി) | ഇക്കാര്യത്തിനായി സ്ഥലം കണ്ടെത്തുന്നത് എപ്രകാരമാണ്; എത്ര ഏക്കർ സ്ഥലം ആവശ്യമുണ്ടെന്നും ഇതിനകം എത്ര ഏക്കർ സ്ഥലം കണ്ടെത്തിയെന്നും വെളിപ്പെടുത്തുമോ; | ബി) | ജില്ലാ കളക്ടർമാർ / തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മുഖേന 314 സ്ഥലങ്ങളിലായി വിവിധ സർക്കാർ വകുപ്പുകളുടേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും ഉടമസ്ഥതയിലുള്ള 374.92 ഏക്കർ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. |
| സി) | സ്വകാര്യ വ്യക്തികളിൽ നിന്നും ഇതിനായി സ്ഥലം ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | സി) | സ്വകാര്യ വ്യക്തികൾ സ്ഥലം സൗജന്യമായി നൽകുന്നതിന് താൽപര്യപ്പെടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ